**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1298** **12-02-2025 - ൽ മറുപടിയ്ക്ക്**

**ഹെലി ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹെലി ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് സർക്കാർതലത്തിൽ തീരുമാനമുണ്ടായിട്ടുണ്ടോ എന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ഹെലി ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനു മുന്നോടിയായി ഹെലിടൂറിസം നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തിന്റെ ഹെലി ടൂറിസം നയം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | കേരളത്തിന്റെ മനോഹാരിത പുതിയൊരു കാഴ്ചപ്പാടിലൂടെ ആസ്വദിക്കുന്നതിന് വഴിയൊരുക്കുന്നതോടൊപ്പം ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽത്തന്നെ വിവിധ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്കെത്തുന്നതിനും സാധ്യമാകുന്ന വിധത്തിൽ പ്രസ്തുത കേന്ദ്രങ്ങളെ വായുമാർഗ്ഗേന ബന്ധിപ്പിക്കുന്നതിനും ഇതുവഴിയുള്ള ഹെലികോപ്റ്റർ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള ഒരു മാർഗ്ഗനിർദ്ദേശക ചട്ടക്കൂട് ആണ് ഹെലിടൂറിസം നയം. സർക്കാരിനോടൊപ്പം സ്വകാര്യമേഖലയുടെ പങ്കാളിത്തത്തോടെയാണ് ഹെലിടൂറിസം നയം അവിഷ്കരിച്ചിട്ടുള്ളത്. വിവിധ ഘട്ടങ്ങളിലായാണ് ഹെലിടൂറിസം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. നിലവിൽ പ്രവർത്തനക്ഷമമായ ഹെലിപാഡുകളും അനുബന്ധ സൗകര്യങ്ങളും പ്രയോജനപ്പെടുത്തിക്കൊണ്ട് ഹെലി ടൂറിസം പ്രോത്സാഹിപ്പിക്കുക എന്നതാണ് അദ്യഘട്ടത്തിൽ ഉദ്ദേശിക്കുന്നത്. സന്നദ്ധരായ ഹെലിടൂറിസം സേവനദാതാക്കളെ ഇതിനായി പ്രയോജനപ്പെടുത്തും. പുതിയ ഹെലിപ്പാഡുകൾ നിർമ്മിക്കുവാനും ആവശ്യമായ അനുമതികൾ ഉള്ള ഹെലികോപ്റ്ററുകൾ ഉപയോഗിച്ച് സേവനം ലഭ്യമാക്കുവാനും സ്വകാര്യ മേഖലയ്ക്ക് അവസരം ഉണ്ടായിരിക്കും. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് വകുപ്പ് എന്തെല്ലാം നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) | സഞ്ചാരികൾക്ക് ട്രിപ്പുകൾ തെരഞ്ഞെടുക്കുവാനും ബുക്ക് ചെയ്യുവാനും ഉതകുന്നതരത്തിൽ ഒരു മൈക്രോസൈറ്റ് ഒരുക്കിയിട്ടുണ്ട്. ഹെലി ടൂറിസം പദ്ധതിയിൽ ഭാഗഭാക്കാകുന്ന സ്വകാര്യ |

| | | | |
|---|---|---|---|
| | | | സേവനദാതാക്കളെ കണ്ടെത്തുന്നതിനുള്ള താത്പര്യപത്രം അംഗീകാരത്തിനുള്ള അന്തിമ ഘട്ടത്തിലാണ്. |
| (ഡി) | പദ്ധതി ആദ്യ ഘട്ടത്തിൽ ഏതെല്ലാം പ്രദേശങ്ങളിൽ ആരംഭിക്കുന്ന കാര്യമാണ് പരിഗണിച്ചുവരുന്നതെന്ന് വിശദമാക്കുമോ? | (ഡി) | പ്രധാന ടൂറിസം കേന്ദ്രങ്ങളുടെ അടുത്ത് സ്ഥിതിചെയ്യുന്ന പ്രവർത്തനസജ്ജമായ ഹെലിപാഡുകൾ ആണ് പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ പരിഗണിക്കപ്പെടുന്നത്. അഷ്ടമുടി, ചാലക്കുടി, തേക്കടി , ജടായു പാറ , കോവളം , കുമരകം, മൂന്നാർ തുടങ്ങിയ ഇടങ്ങളിലെ ഹെലിപാഡുകൾ ആദ്യഘട്ടത്തിൽ ഇങ്ങനെ പരിഗണിച്ചുവരുന്നവയാണ് . |

സെക്ഷൻ ഓഫീസർ